# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2028 01.02.2018 ൽ മറുപടിയ്ക്ക്

**വികലാംഗർക്ക് ലേണേഴ്സ് ലൈസൻസ് ടെസ്റ്റ്**

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഡ്രൈവിംഗ് ലൈസൻസിനുവേണ്ടി അപേക്ഷിക്കുന്ന വികലാംഗർക്ക് ലേണേഴ്സ് ലൈസൻസ് ടെസ്റ്റ് നടത്തുമ്പോൾ പങ്കെടുക്കുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പല ആർ.ടി. ഓഫീസുകളും ബഹുനില കെട്ടിടങ്ങളിലെ ഉയർന്ന നിലകളിൽ പ്രവർത്തിക്കുന്നതിനാൽ റാമ്പ് സ്ഥാപിച്ചിട്ടില്ലാത്ത ഇത്തരം കെട്ടിടങ്ങളിൽ എത്തിച്ചേരുന്നതിന് ബുദ്ധിമുട്ടുള്ളവർക്ക് ലേണേഴ്സ് ലൈസൻസ് പരീക്ഷ നടത്തുന്നതിന് പ്രത്യേക കേന്ദ്രങ്ങൾ സ്ഥാപിക്കുമോ; വിശദീകരിക്കുമോ; | (എ) | ഉണ്ട്. ഭിന്നശേഷിക്കാർക്ക് മാത്രമായി ആറുമാസത്തിലൊരിക്കൽ ജില്ലാതലത്തിൽ പ്രത്യേകം ക്യാമ്പ് നടത്തി ലേണേഴ്സ് ലൈസൻസ് ടെസ്റ്റ് നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ള നിർദ്ദേശം മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള എല്ലാ റീജിയണൽ ട്രാൻസ്പോർട്ട്/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾക്കും നൽകിയിട്ടുണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വികലാംഗർക്ക് അനുവദിച്ചിട്ടുള്ള മുച്ചക്രവാഹനങ്ങൾ ഇവർക്ക് ലൈസൻസില്ലെന്ന കാരണത്താൽ വിതരണം ചെയ്യാൻ കഴിയാത്തത് പരിഗണിച്ച് ബദൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കേന്ദ്ര മോട്ടോർ വാഹന നിയമ പ്രകാരം വാഹനം ഓടിക്കുന്നതിന് ലൈസൻസ് നിർബന്ധമാണ്. |

സെക്ഷൻ ഓഫീസർ